കേരളീയം

ലക്കം
82

ലക്കം 4 • പുസ്തകം 6 • 2004 ഏപ്രിൽ • 1179 മേടം • പേജ് 56 • വില 15 രൂപ





# വിഭവം, അധികാരം, തെരഞ്ഞെടുപ്പ്: ഭൂമിദിനം ഓർമ്മപ്പെടുത്തുന്നത്

"ഒരു സമരം തുടങ്ങുമ്പോൾ നിങ്ങൾക്കറിയില്ല അതെത്ര വളരുമെന്ന്. എന്നാലും സമരം തുടങ്ങിവെക്കുക എന്നതാണ് പ്രധാനം."– "ഒരു പ്രാദേശിക സമരം ലോകമെമ്പാടുമുള്ള സമരങ്ങൾക്ക് മാതൃകയും പ്രചോദനവുമായിത്തീരുന്നതിന്റെ നല്ല ഒരുദാഹരണമാണിത്... ആഗോളീകരണത്തെ നേരിടാൻ ചെറുത്തുനിൽപുകളെത്തന്നെ ആഗോളീകരിക്കണം. ഇതിലൂടെ നിങ്ങളുടെ പ്രതീക്ഷകളെയും ആഗോളീകരിക്കാം."

ഹോസെ ബുവെ (ആഗോളീകരണത്തിന്റെ കെടുതികൾക്കെതിരെ പൊരുതുന്ന ഫ്രഞ്ച് കർഷക സംഘടനയുടെ നേതാവ്. പ്ലാച്ചിമട ലോകജല സമ്മേളത്തിൽ)

"വിശ്വകുടുംബത്തിൽ അംഗങ്ങളാണ് നാമോരുരുത്തരും എന്ന സത്യബോധത്തിൽ ജീവിക്കുവാൻ തുടങ്ങുക മാത്രമാണ് ഇന്നത്തെ ക്രൂരതയ്ക്കും കഠോരതയ്ക്കും പൈശാചികതയ്ക്കും ഉള്ള പോംവഴി."

ഡി. പങ്കജാക്ഷൻ (ദർശനം)

ഏപ്രിൽ 22, ലോകഭൂമിദിനം. നാം ജീവിക്കുന്ന പ്രകൃതിയ്ക്കുള്ള ദിവസം. കേവലം ഒരു ദിനാചരണത്തിന്റെ, ഓർമ്മ പുതുക്കലിന്റെ, പിറന്നാളല്ല. മാറ്റിത്തീർക്കലിന്റെ തുടക്കമാക്കാം.

വിഭവം, അധികാരം, തെരഞ്ഞെടുപ്പ്. അവ പ്ലാച്ചിമടയിലെ വാർഷികത്തിലും–ജലത്തിനുവേണ്ടിയുള്ള ധർമ്മസമരത്തിന്റെ മൂന്നാം വർഷത്തിലേക്ക് പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. കാസർകോട്ടെ എൻഡോസൾഫാനും (അത് എല്ലാ കൃഷിയിടത്തിലും, നമ്മുടെ ഭക്ഷണത്തിലുമുണ്ട്.) മാരകവിഷവിതരണം തുടരുകയാണ്. പുതിയ 'വികസനം' പദ്ധതികളിലൂടെയും വ്യവസായശാലകളിലൂടെയും എക്സ്പ്രസ്സ് ഹൈവേയായും മലയോരപാത വഴിയും അതിവേഗത്തിൽ വന്നെത്തുകയാണ്. ശരി, ജീവിതം വേണോ മരണം വേണോ എന്നൊരു തെരഞ്ഞെടുപ്പ് നമുക്ക് തൊട്ടടുത്തുണ്ട്. ചോദ്യാവലിയ്ക്കുള്ള മറുപടിയും പ്രധാനമായും രാഷ്ട്രീയക്കാരുടെ പ്രതികരണങ്ങൾ. ഇതുവായിക്കുക–വരികളും വരികൾക്കുമിടയിലുള്ളത്, തുടർച്ച നിലനിർത്താൻ. സ്ഥിരം പറയുന്ന ആഗോളവൽക്കരണം, വർഗ്ഗീയത തുടങ്ങിയ വിപത്തുകളോടൊപ്പം വിഭവങ്ങൾക്കുമേലുള്ള തദ്ദേശവാസികളുടെ അധികാരത്തിന്റെ അടിസ്ഥാനപരവും അടിയന്തിരവും പ്രാഥമികവുമായ നേടിയെടുക്കലിന്റെ വെല്ലുവിളിയും അഭിമുഖം നിൽക്കേണ്ട തെരഞ്ഞെടുപ്പാണിത് നമ്മുടെ മുമ്പിൽ. ഭക്ഷണം, വസ്ത്രം, തൊഴിൽ, വീട്..... എന്നിവയോടൊപ്പം നിലനിൽപ്പും നീതിയും സ്വാതന്ത്ര്യവും സമാധാനവും സുരക്ഷിതത്വവും സ്നേഹവും സന്തോഷവുമുള്ള മെച്ചപ്പെട്ട മറ്റൊരു ലോകം തീർക്കാൻ നമുക്ക് എന്ത് തെരഞ്ഞെടുപ്പാണുള്ളത്. അതേ ഇന്നത്തെ എല്ലാ വികസനവാദവും അപകടകരമല്ല. എന്നാൽ സമഗ്രതയുടെ, ഭാവിയുടെ, വിഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പദ്ധതികളും നയങ്ങളും സമീപനങ്ങളും–രാഷ്ട്രീയം–ആരുടെ ചെലവിൽ, ആർക്കുവേണ്ടി? എന്ന ചോദ്യം ഉയർത്തിയേ മതിയാകൂ.

പ്ലാച്ചിമട വാർഷികത്തിൽ കേരളം അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ ഈ ലക്കത്തിൽ, കൂട്ടിച്ചേർക്കാൻ, മാറ്റിത്തീർക്കാൻ, നിർമ്മിക്കാൻ നമുക്കാവുമെന്ന പ്രതീക്ഷയിൽ

സ്നേഹാദരങ്ങളോടെ, *പത്രാധിപർ*


പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ

മുഖചിത്രം, ചിത്രീകരണം, രൂപകല്പന: ജീവൻ; ഫോട്ടോ: അജിലാൽ 'വർത്തമാനം', മധുരാജ് 'മാതൃഭൂമി', അനുപമ, സുനിൽ 'സപര്യ'; ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ. സാങ്കേതിക സഹായം : ചന്ദ്രൻ, അശോകൻ, പി.ടി.എം.ഹുസൈൻ, ബേബി എ.എ., വി.എം.ഗിരിജ, ഷീബ, തോമസ്, സിനോയ്, രമ, പ്രശാന്ത്, ഡോ. സി.സി. സെബാസ്റ്റ്യൻ, പത്മനാഭൻ